**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 12

# വാർത്താക്കുറിപ്പ്

---

## ജെ ആർ എഫ് താത്ക്കാലിക ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോ സയൻസസ് കോട്ടയത്തെ ഒരു ഗവേഷണ സ്ഥാപനവുമായി ചേർന്ന് നടത്തുന്ന ഒരു ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ജൂനിയർ റിസെർച്ച് ഫെലോയുടെ താത്ക്കാലിക ഒഴിവുണ്ട്. ഏതെങ്കിലും ലൈഫ് സയൻസ് ബ്രാഞ്ചുകളിൽ 60 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള എം. എസ് സി ബിരുദവും എൻ.ഇ. റ്റി യോഗ്യതയുമുള്ളവരെയാണ് പരിഗണിക്കുക. അപേക്ഷകരുടെ പ്രായം 30 വയസ്സിൽ താഴെ. ഇതിലേക്കുള്ള അപേക്ഷകൾ 2622 @ mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ജൂൺ 20 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9645678674.

(പി.ആർ.ഒ./39/715/2022)

## വായനാ വാരാചരണം

മഹാത്മാഗാന്ധി സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള വായനാ വാരാചരണ പരിപാടികൾ ജൂൺ 23 ന് വ്യാഴാഴ്ച രാവിലെ 10.30 -ന് സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. ബി. കേരളവർമ്മ ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് ചേരുന്ന സമ്മേളനത്തിൽ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല പ്രൊഫസർ ഡോ. ഷാജി ജേക്കബ് മുഖ്യ പ്രഭാഷണം നടത്തും. കുട്ടികളുമായുള്ള ശ്രീ. എ.ആർ. രേണുകുമാറിന്റെ സംവാദവും സംഘടിപ്പിച്ചിട്ടുണ്ട്.

വാരാചരണത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചിട്ടുള്ള 'വായനാനുഭവം പങ്കുവെക്കൽ' മത്സരം ജൂൺ 23 വ്യാഴാഴ്ച നടക്കും. താത്പര്യമുള്ളവർ ജൂൺ 16 -ന് മുൻപ് പേര് രജിസ്റ്റർ ചെയ്യണം. വിശദ വിവരങ്ങൾ www.library.mgu.ac.in എന്ന വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/716/2022)

## വോക്ക്-ഇൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവ്വകലാശാല - അന്തർ സർവ്വകലാശാല ബയോമെഡിക്കൽ ഗവേഷണകേന്ദ്രത്തിൽ നിലവിലുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരു ഒഴിവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് വോക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ബിരുദധാരികളും, സർക്കാർ കാര്യാലയങ്ങളിലോ/സർവ്വകലാശാലകളിലോ ഡി.ഡി.എഫ്.എസ്./ ഇ-ഓഫീസ് /ഓഫീസ് ഓട്ടോമേഷൻ തുടങ്ങിയ സോഫ്റ്റ് വെയറുകളിൽ മൂന്നു വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയവുമുള്ളവരെയാണ് പരിഗണിക്കുക. താത്പര്യമുള്ളവർ ജൂൺ 26 ന് രാവിലെ 10.30 ന് അസ്സൽ പ്രമാണങ്ങളും അവയുടെ പകർപ്പുകളും സഹിതം പുതുപ്പള്ളി, തലപ്പാടിയിലെ അന്തർ സർവകലശാല ബയോമെഡിക്കൽ ഗവേഷണകേന്ദ്രത്തിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ : 0481-2353730, 9446614798

(പി.ആർ.ഒ./39/717/2022)

## എം.ജി.കലോത്സവം: തേജാ സുനിൽ - കലാതിലകം, കെ.അമൽനാഥ് കലാപ്രതിഭ

മഹാത്മാഗാന്ധി സർവ്വകലാശാല കലോൽസവത്തിൽ വിവിധ മത്സരങ്ങളുടെ മാറ്റി വച്ചിരുന്ന ഫലങ്ങൾ പ്രഖ്യാപിച്ചു.
മത്സരങ്ങളിലെ ഓവറോൾ രണ്ടാം സ്ഥാനം എറണാകുളം മഹാരാജാസ് കോളേജും മൂന്നാം സ്ഥാനം തൃപ്പൂണിത്തുറ ആർ .എൽ .വി കോളേജും കരസ്ഥമാക്കി. ഓവറോൾ ഡാൻസ് ഇവൻറ് ചാമ്പ്യൻഷിപ്പും ആർ.എൽ.വി കോളേജിനാണ്. എറണാകുളം സെൻറ് തെരേസാസ് കോളേജിലെ തേജാ സുനിലാണ് കലാതിലകം. മഹാരാജാസ് കോളേജിലെ കെ.അമൽ നാഥിനാണ് കലാ പ്രതിഭാ പട്ടം.

സർവ്വകലാശാലാ ആസ്ഥാനത്തെ അസംബ്ലി ഹാളിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പുതതായി പ്രഖ്യാപിച്ച വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സർവ്വകലാശാല യൂണിയൻ ചെയർമാൻ വസന്ത് ശ്രീനിവാസൻ അധ്യക്ഷനായിരുന്നു.

പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സ്റ്റുഡൻ്റ് സർവ്വീസസ് വിഭാഗം മേധാവി എബ്രഹാം സാമുവൽ, മുൻ മേധാവി ഡോ.എം.കെ. ബിജു എന്നിവർ പങ്കെടുത്തു. യൂണിയൻ ജനറൽ സെക്രട്ടറി പി.എസ്. വിപിൻ സ്വാഗതവും സെനറ്റംഗം മുഹമ്മദ് അബ്ബാസ് നന്ദിയും പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ:** മഹാത്മാഗാന്ധി സർവ്വകലാശാല കലോത്സവത്തിലെ വിജയികൾക്ക് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ട്രോഫികൾ സമ്മാനിക്കുന്നു.

(പി.ആർ.ഒ./39/718/2022)

## പരീക്ഷ മാറ്റി

ജൂൺ 20 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷ (വിഷയം - സെയിൽസ് മനേജ്മെന്റ്) ജൂലൈ ആറിലേക്ക് മാറ്റി.

(പി.ആർ.ഒ./39/719/2022)

## അപേക്ഷാ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് /2017, 2018, 2019, 2020 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്), ബി.എസ്.സി.- സൈബർ ഫോറൻസിക് (2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ 2019, 2020 അഡ്മിഷൻ - റീ-അപ്പിയറൻസ്) ബിരുദപരീക്ഷകൾക്ക് പിഴയില്ലാതെ ജൂൺ 20 മുതൽ 23 വരെയും 525 രൂപ പിഴയോടു കൂടി ജൂൺ 24 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂൺ 25 നും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/720/2022)

## പുതുക്കിയ പരീക്ഷാ തീയതി

ജൂൺ 14 ന് നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി - എൽ.എൽ.ബി. കോഴ്സുകളുടെ പരീക്ഷകൾ ജൂൺ 27 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/721/2022)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2019 അഡ്മിഷൻ - റെഗുലർ / 2018 അഡ്മിഷൻ - സപ്ലിമെന്ററി), എൽ.എൽ.ബി. (ത്രിവത്സരം - 2015-2017 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2014 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2013 അഡ്മിഷൻ - സെക്കന്റ് മേഴ്സി

ചാൻസ് / 2013 വരെയുള്ള അഡ്മിഷൻ - തേർഡ് മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ജൂൺ 25 വരെ സ്വീകരിക്കും.

(പി.ആർ.ഒ./39/722/2022)

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂൺ 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/723/2022)

2021 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. - കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്‌വർക്ക് ടെക്നോളജി (2019 അഡ്മിഷൻ - റെഗുലർ - പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ജൂൺ 24 വരെ സ്വീകരിക്കും.

(പി.ആർ.ഒ./39/724/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ